കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

1999 ഡിസംബർ 20, തിങ്കൾ

വാല്യം 109| ഔദ്യോഗിക റിപ്പോർട്ട് |നമ്പർ 6

നിയമസഭ 1999 ഡിസംബർ മാസം 20-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം.വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ.....ചോദ്യം 147.

ക്ഷീര കർഷകരുടെ ഉന്നമനത്തിന് നടപടി

1 (*147)ശ്രീ. പി.ജെ. ജോയി :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. വി.ജെ. പൗലോസ് :

ഡോ. എം.എ. കുട്ടപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ക്ഷീര കർഷകരുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ബി) ഇവരുടെ ഉന്നമനത്തിന് എന്തെല്ലാം പരിപാടികളാണ് നടപ്പാക്കി വരുന്നത്;

(സി) കാലിത്തീറ്റയുടെ വിലവർദ്ധനവ് പരിഗണിച്ച് കാലിത്തീറ്റക്ക് സബ്സിഡി നൽകുവാൻ ഉദ്ദേശമുണ്ടോ;

(ഡി) ക്ഷീര കർഷകർക്ക് കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ നൽകുന്നതിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലകളിൽ ഗവണ്മെന്റ് വകയായി കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ,

(എ) സംസ്ഥാനത്ത് 13 ലക്ഷത്തോളം ക്ഷീര കർഷകരുണ്ട്.

(ബി) ക്ഷീരകർഷകരുടെ ഉന്നമനത്തിനായി താഴെ പറയുന്ന പരിപാടികൾ നടപ്പാക്കി വരുന്നു.

(1) ക്ഷീര സഹകരണസംഘങ്ങൾ സ്ഥാപിക്കുക.

(2) പുൽക്കൃഷിക്കാവശ്യമായ സഹായങ്ങൾ ചെയ്യുക.

(3) വിജ്ഞാന വ്യാപന പ്രവർത്തനം ഊർജ്ജിതമാക്കുക.

(4) ഗുണമേന്മയുള്ള സമീകൃത കന്നുകാലിത്തീറ്റ ലഭ്യമാക്കുക.

(5) കന്നുകാലികളുടെ വർഗ്ഗഗുണം മെച്ചപ്പെടുത്തുന്നതിനും ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും കൃത്രിമ ബീജസങ്കലന പരിപാടി സൗജന്യ നിരക്കിൽ നടപ്പിലാക്കുക.

(6) കന്നുകാലികളുടെ ആരോഗ്യ സംരക്ഷണത്തിനായി മൃഗാശുപത്രികൾ വഴി സൗജന്യ വൈദ്യസഹായം ലഭ്യമാക്കുക.

(7) കുളമ്പുരോഗബാധ നിയന്ത്രിക്കുന്നതിനായി സൗജന്യ പ്രതിരോധ കുത്തിവയ്പ് നടത്തുക.

(8) സങ്കരവർഗ്ഗ കന്നുകുട്ടികൾക്ക് ശാസ്ത്രീയ പരിചരണം ഉറപ്പുവരുത്താൻ കന്നുകുട്ടി പരിപാലന പദ്ധതി.

(9) മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ വഴി കർഷകർക്ക് ശാസ്ത്രീയ കന്നുകാലി സംരക്ഷണത്തെ സംബന്ധിച്ച് സൗജന്യ പരിശീലനം നൽകുക.

(10) കന്നുകാലികൾക്കും അവയുടെ ഉടമസ്ഥർക്കും അവരുടെ കുടുംബത്തിനും ഇൻഷ്വറൻസ് സംരക്ഷണവും ചികിത്സാ ധനസഹായവും ലഭ്യമാക്കുന്ന കാമധേനു ഇൻഷ്വറൻസ് പദ്ധതി.

(11) ക്ഷീരോൽപ്പാദകർ ഉല്പാദിപ്പിക്കുന്ന പാലിന് കാലഭേദമെന്യേ ഒരു സ്ഥിരമായ വിപണിയും വിലയും ഉറപ്പുവരുത്താൻ മിൽമ നടപടികൾ എടുത്തു വരുന്നു.

(12) കറവ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി മിൽക്കിംഗ് മെഷീൻ ഏർപ്പെടുത്തുവാൻ നടപടി പൂർത്തിയായിവരുന്നു.

(സി) മിൽമ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റ അംഗസംഘങ്ങൾക്ക് നൽകുമ്പോൾ ഒരു മെട്രിക് ടണ്ണിന് 200 രൂപ ക്രമത്തിൽ വില കുറച്ചാണ് നൽകുന്നത്.

(ഡി) മിൽമയുടെ അധീനതയിൽ ആലപ്പുഴ ജില്ലയിൽ പട്ടണക്കാട് സ്ഥാപിച്ചിട്ടുള്ള കാലിത്തീറ്റ ഫാക്ടറിയിൽ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റ തിരുവനന്തപുരം മേഖലാ യൂണിയന്റെ പരിധിയിൽ വരുന്ന ക്ഷീരസംഘങ്ങൾക്കും കല്ലേറ്റുംകരയിൽ പ്രവർത്തിക്കുന്ന സർക്കാർ ഉടമയിലുള്ള കാലിത്തീറ്റ ഫാക്ടറിയിൽ ഉൽപ്പാദിപ്പിക്കുന്ന കാലിത്തീറ്റ എറണാകുളം മേഖലയിലെ ക്ഷീര കർഷകർക്കും മിൽമയുടെ പാലക്കാട് (മലമ്പുഴ) പ്രവർത്തിക്കുന്ന ഫാക്ടറിയിൽ ഉൽപ്പാദിപ്പിക്കുന്ന കാലിത്തീറ്റ മലബാർ യൂണിയന്റെ കീഴിൽവരുന്ന ക്ഷീര കർഷകർക്കും ലഭിക്കുവാൻ യാതൊരു ബുദ്ധിമുട്ടുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലയിൽ പുതിയ കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുവാൻ ഇപ്പോൾ ഉദ്ദേശമില്ല.

ശ്രീ. പി.ജെ. ജോയി : സർ, തമിഴ്നാട്ടിൽനിന്നും വൻതോതിൽ നിലവാരം കുറഞ്ഞ പാൽ നമ്മുടെ സംസ്ഥാനത്ത് ചില വ്യക്തികൾ കൊണ്ടുവരുന്നതുമൂലം ഇന്ന് കർഷകർ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മിൽമയും സഹകരണരംഗത്ത് പ്രവർത്തിക്കുന്ന മിൽമ സ്ഥാപനങ്ങളും എട്ട് രൂപ നിരക്കിലാണ് തമിഴ്നാട്ടിൽ നിന്നും പാൽ സംഭരിക്കുന്നത്. ആ നിലയിൽ പാൽ സംഭരിക്കാൻ പറ്റാത്ത വിധത്തിൽ ഈ സംഘങ്ങൾ വിഷമിക്കുന്നുവെന്ന കാര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രധാനമായും എറണാകുളം മേഖലയിലാണ് വെളിയിൽ നിന്നുള്ള പാൽ കൊണ്ടുവരുന്നത്. അതിന്റെ ക്വാളിറ്റി പരിശോധിക്കുന്നതിന് ഒരു സംയുക്ത പരിശോധന നടത്താനുള്ള സംവിധാനമുണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. അവർക്ക് ഇവിടെ പ്രോസസിംഗ് നടത്താൻ അനുവാദം നൽകാതിരുന്നു. എന്നാൽ കേന്ദ്ര ഗവണ്മെന്റ് അവർക്കെല്ലാം അനുവാദം കൊടുത്തു. അതുകൊണ്ട് ഇനി എന്ത് ചെയ്യാമെന്നുള്ളതു സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ പരിഗണനയിലാണ്. വിശദവിവരം ഇപ്പോൾ പറയുന്നില്ല.

ശ്രീ. പി.ജെ. ജോയി : സർ, ഇത് വലിയ ഗൗരവമുള്ള വിഷയമാണ്. കേന്ദ്ര ഗവണ്മെന്റിനെ മാത്രം പറഞ്ഞിട്ട് കാര്യമില്ല. കാരണം പാൽ ഉല്പാദകർ വലിയ വിഷമങ്ങൾ അനുഭവിക്കാൻ പോകുകയാണ്. അതുകൊണ്ടാണ് ചോദിക്കുന്നത്. പാൽ ഉല്പാദകർക്ക് നൽകിവരുന്ന സൗജന്യങ്ങളെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. കാലോചിതമായി പാലിനു വില വർദ്ധിപ്പിക്കാതെ കർഷകർക്ക് അതു നടത്തിക്കൊണ്ടുപോകാൻ കഴിയില്ല. അവസാനമായി വില വർദ്ധിപ്പിച്ചത് എന്നാണ്; ഇനി വില വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ബഹുമാനപ്പെട്ട മെമ്പർ ആദ്യം സൂചിപ്പിച്ചതുപോലെ തമിഴ്നാട്ടിൽ പാൽ വില കുറച്ചു വിൽക്കുമ്പോൾ ഇവിടെ വില കൂടുന്നതിനനുസരിച്ച് പാലിന്റെ ഇങ്ങോട്ടുള്ള ഫ്ളോ കൂടും. അതിനാൽ പാലിനു വില വർദ്ധിപ്പിച്ചല്ല ഈ പ്രശ്നത്തിന് പരിഹാരം കാണേണ്ടത്. കൺസ്യൂമർക്ക് പാലിനു വില കുറഞ്ഞു കിട്ടിയാൽ മതി. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ശരിയാണ്. തമിഴ്നാട്ടിൽ നിന്നുള്ള പാൽ വരവ് എറണാകുളം മേഖലയിലുള്ള ക്ഷീര കർഷകരെ സാരമായി ബാധിക്കുന്നതുകൊണ്ട് അത് പ്രിവെന്റു ചെയ്യുന്നതിന് എന്ത് ചെയ്യണമെന്നുള്ളതിനു പല നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കൂടുതലായി കർശന നിയന്ത്രണങ്ങളേർപ്പെടുത്താൻ നിശ്ചയിച്ചിട്ടുണ്ട്. പാൽ വില കഴിഞ്ഞ വർഷമാണ് കൂടിയത്. ഇനിയും വില കൂട്ടണമെന്ന് സഹകരണസംഘങ്ങൾക്കുപോലും അഭിപ്രായമില്ല.

ശ്രീ. അടൂർ പ്രകാശ് : സർ, അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് ഒഴുകുന്ന തരംതാഴ്ന്ന പാലിന്റെ കാര്യം അങ്ങ് പറയുകയുണ്ടായി. അത് നിയന്ത്രിക്കുന്ന നടപടികളെ സംബന്ധിച്ചും പറഞ്ഞു. അങ്ങനെ വില്പന നടത്തുന്ന സ്വകാര്യ കച്ചവടക്കാരിൽനിന്നും സെസ്സ് പിരിച്ച് കേരളത്തിലെ ക്ഷീര കർഷകർക്ക് പെൻഷൻ പദ്ധതി നടപ്പാക്കാൻവേണ്ട നിധി രൂപീകരിക്കാൻ ഗവണ്മെന്റ് ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, അദ്ദേഹം ഉദ്ദേശിക്കുന്നതു ടാക്സേഷൻ പോളിസിയായിരിക്കും. അതിനുള്ള ഒരു നിർദ്ദേശം ധനകാര്യ വകുപ്പുമന്ത്രിക്കും കൊടുത്തിട്ടുണ്ട്. ധനകാര്യ വകുപ്പ് പരിശോധിച്ചശേഷം ടാക്സേഷൻ പദ്ധതി എങ്ങനെ തീരുമാനിക്കണമെന്നുള്ളത് ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രൊറോഗേറ്റീവാണ്. അദ്ദേഹം അടുത്ത ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ എന്തു ചെയ്യുമെന്നുള്ളതു സംബന്ധിച്ച് എനിക്കറിഞ്ഞുകൂടാ. എങ്കിലും നമ്മുടെ ഡയറി ഡിപ്പാർട്ടുമെന്റ് ഇങ്ങനെയൊരു നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. അടൂർ പ്രകാശ് : സർ, കേരളത്തിലെ കന്നുകാലികൾക്ക് ആവശ്യമായ കച്ചി, പുല്ല് മുതലായവ ലഭ്യമല്ലാത്തതിനാലും അതിന് വില വർദ്ധനവുള്ളതിനാലും അയൽ സംസ്ഥാനങ്ങളിൽനിന്നും അവ സംഭരിച്ച് ബെയിൽ ചെയ്ത് മിതമായ വിലയ്ക്ക് ക്ഷീര കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടിയെക്കുറിച്ച് ആലോചിച്ച് അതാതു ഡിപ്പാർട്ടുമെന്റുകൾ വഴി വിതരണം ചെയ്യാൻ നടപടിയെടുക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, മിൽമ അങ്ങനെ ഒരു നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആന്ധ്രാ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും വയ്ക്കോൽ സംഭരിച്ച് ബെയിൽ ചെയ്ത് അതിൽ രാസപ്രക്രിയ നടത്തി വിൽക്കുന്നതിനും സംവിധാനമേർപ്പെടുത്തണം. അവർ അതിനെക്കുറിച്ച് പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. വി.ജെ. പൗലോസ് : സർ, നമ്മുടെ രാജ്യത്തെ ഏറ്റവും വലിയ പ്രശ്നം തൊഴിലില്ലായ്മയാണ്. തൊഴിലില്ലായ്മയക്ക് വലിയൊരളവിൽ പരിഹാരമുണ്ടാക്കാൻ കഴിയുന്ന ക്ഷീരോല്പാദനമേഖലയിലെ അധികമാളുകളും ചെറുകിട കർഷകരും കർഷകത്തൊഴിലാളികളുമാണ്. അവർ സീസണൽ വർക്കേഴ്സാണ്. കൃഷിയുമായി ബന്ധപ്പെട്ട സമയം കഴിഞ്ഞാൽ ജോലിയില്ലാത്തവരായ ചെറുകിട കർഷകർക്കും കർഷകത്തൊഴിലാളികൾക്കും കൂടുതൽ തൊഴിലവസരമുണ്ടാക്കിക്കൊടുക്കാൻ കഴിയുന്ന വിധത്തിൽ ഗുജറാത്തിലെ 'ആനന്ദ്' മാതൃകയിൽ ആദ്യഘട്ടമെന്നുള്ളനിലയിൽ എല്ലാ ജില്ലകളിലേയും ഓരോ ഗ്രാമങ്ങൾ വീതം തെരഞ്ഞെടുത്ത് അതതു കർഷകത്തൊഴിലാളികൾക്കും ചെറുകിട കർഷകർക്കും ക്ഷീരോല്പാദനത്തിനാവശ്യമായ വായ്പയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുമുണ്ടാക്കിക്കൊടുക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഇവരുടെ തൊഴിൽ സാദ്ധ്യതകളെ സംബന്ധിച്ച് പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. മിൽകിംഗ് മെഷീൻ ജനുവരി 7-ാം തീയതി ലോഞ്ച് ചെയ്യുന്നതാണ്. അഞ്ചാറുമാസം പരിശോധിച്ചതിനുശേഷമാണ് ഞങ്ങൾ അതിന് എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നത്. ഒരു മോട്ടോർ ബൈക്കിൽ മിൽക്കിംഗ് മെഷീനുമായി പോകുന്ന ചെറുപ്പക്കാരന് ഒരു മാസം അയ്യായിരം രൂപയെങ്കിലും നെറ്റ് ഇൻകം കിട്ടുമെന്നാണ്. അങ്ങനെ പതിനായിരം പേർക്കെങ്കിലും ഈ വരുന്ന ഒന്നര മാസം കൊണ്ട് തൊഴിൽ കൊടുക്കാൻ സാധിക്കും. അത് തൊഴിൽ സാദ്ധ്യതയുണ്ടാക്കുന്നതാണ്. രണ്ടാമത്തെ കാര്യം ഒരേക്കറോ അതിനു മുകളിലോ ഭൂമിയുള്ള കൃഷിക്കാർ കാലിത്തീറ്റ ഉണ്ടാക്കുകയാണെങ്കിൽ വളരെ ലാഭകരമായി നടത്താൻ സാധിക്കും. പലപ്പോഴും ഭൂമിയും തെങ്ങിൻപുരയിടങ്ങളുമുള്ളവർക്ക് ഇതിൽ വലിയ താല്പര്യം വരുന്നില്ല. കാലിത്തീറ്റയുടെ ദൗർലഭ്യമാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അത് പരിഹരിക്കാൻ സാധിച്ചാൽ നമുക്ക് തീർച്ചയായും മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.ജെ. പൗലോസ് : സർ, ക്ഷീരോൽപ്പാദന മേഖല സംസ്ഥാനത്ത് വികസിച്ചതോടുകൂടി നല്ലയിനം പശുക്കളെ വാങ്ങി വളർത്താൻ കൃഷിക്കാർ മുന്നോട്ടുവന്നിട്ടുണ്ട്. കാലികൾക്ക് പുതുതായി മാരകമായ രോഗങ്ങൾ ഉണ്ടാകുന്നതുമൂലം ഉളവാകുന്ന പ്രശ്നം ഉണ്ട്. അങ്ങനെയുള്ള സ്ഥിതിവിശേഷം നേരിടുന്നതിന് കാലികൾക്ക് അപകടം ഉണ്ടായാലും, തന്മൂലം കുടുംബങ്ങൾക്ക് നാശനഷ്ടം ഉണ്ടായാലും അവരെ സംരക്ഷിക്കുന്നതിന് പദ്ധതി ഉണ്ടെന്ന് മറുപടിയിൽ പറഞ്ഞുവെങ്കിലും അതിന്റെ പ്രവർത്തനങ്ങൾ വ്യാപകമാക്കിയിട്ടില്ല. ഈ കൃഷിക്കാരുടെ കുടുംബത്തേയും കാലികളേയും ഇൻഷ്വർ ചെയ്യുന്നതിന് ആവശ്യമായ നടപടി സർക്കാർ ത്വരിതപ്പെടുത്തുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : കാമധേനു ഇൻഷ്വറൻസ് സ്കീം അതാണ്. ഇപ്പോൾത്തന്നെ ഈ ഇൻഷ്വറൻസിൽപ്പെട്ട കുടുംബനാഥൻ മരിച്ചാൽ, ഭർത്താവ് മരിച്ചാൽ ഭാര്യക്ക് ഇൻഷ്വറൻസ് തുകയായി 1,00,000 രൂപ കൊടുക്കുന്നുണ്ട്. അത് കൂടാതെ രോഗചികിത്സയ്ക്ക് 30,000 രൂപവരെ കൊടുക്കുന്നുണ്ട്. പശുക്കൾ മരണപ്പെട്ടാൽ അതിന് വലിയ പ്രോസസ് ഒന്നുമില്ല. വെറ്റിനറി ഡോക്ടർ സർട്ടിഫൈ ചെയ്തു കഴിഞ്ഞാൽ ആ തുക കൊടുക്കുന്നുണ്ട്. പക്ഷേ ഇത് വ്യാപകമായിക്കഴിഞ്ഞിട്ടില്ല. ത്രിതല പഞ്ചായത്തുകളെയാണ് ഇതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇത് ഇൻഷ്വർ ചെയ്യുന്നതിൽ കർഷകർക്കും ഒരു ചെറിയ കോൺട്രിബ്യൂഷനുണ്ട്. കാലികൾക്ക് രോഗംവന്ന് കുഴപ്പംവരുമ്പോൾ മാത്രമേ കർഷകർക്ക് ഇതിൽ വലിയ താൽപര്യം വരുകയുള്ളൂ. അതുകൊണ്ട് വ്യാപകമായ പ്രചരണം നടത്തിയിട്ട് മുഴുവൻ കന്നുകാലികളേയും ഇൻഷ്വർ ചെയ്യുന്നതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

ഡോ. എം.എ. കുട്ടപ്പൻ : നമ്മുടെ സംസ്ഥാനത്ത് ആളോഹരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ ഒരു ദിവസം മൊത്തം വേണ്ട പാലിന്റെ അളവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്; ആ ആവശ്യം അനുസരിച്ചുള്ള ഉൽപ്പാദനം നമ്മുടെ സംസ്ഥാനത്ത് ഉണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : എന്റെ കൈയിൽ അതിന്റെ കണക്കില്ല. മുൻപ് നിയമസഭയിൽ അതിന്റെ കണക്കവതരിപ്പിച്ചിട്ടുള്ളതാണ്. ഓരോ വർഷവും നമ്മുടെ പെർക്യാപ്പിറ്റാ കൺസംപ്ഷൻ കൂടിക്കൊണ്ടിരിക്കുകയാണ്. അതനുസരിച്ചുള്ള ഉൽപ്പാദനം ആയിട്ടില്ല. ചെറിയ മാർജിനൽ ഡിഫറൻസ് ഉണ്ട്.

ഡോ. എം.എ. കുട്ടപ്പൻ : അങ്ങ് പാൽ കറവയ്ക്കുവേണ്ടി മിൽക്കിംഗ് മെഷീൻ ഉപയോഗിക്കുന്ന കാര്യം പറയുകയുണ്ടായി. എന്റെ മണ്ഡലത്തിൽ പാൽക്കറവ തൊഴിലാളി യൂണിയൻ ഇപ്പോൾ നിലവിലുണ്ട്. വെളുപ്പാൻ കാലത്തേ എണീറ്റ് കറക്കാൻ പോകുന്നതുകൊണ്ട് അവർ വളരെയേറെ ബുദ്ധിമുട്ടുകയാണ്. ലേബർ ഡിപ്പാർട്ട്മെന്റിൽ നിന്ന് അവർക്ക് ഇപ്പോൾ യാതൊരു പരിരക്ഷയും ലഭിക്കുന്നില്ല. നിലവിലുള്ള തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി എന്തെങ്കിലും വ്യവസ്ഥ ഉണ്ടാക്കാൻ ഉദ്ദേശമുണ്ടോ? അതോടൊപ്പംതന്നെ ഈ മിൽക്കിംഗ് മെഷീൻ കൊടുക്കുന്ന സ്കീമിനെക്കുറിച്ച് വിശദീകരിച്ച് പറഞ്ഞാൽ സൗകര്യമായിരിക്കും. അതിനെക്കുറിച്ച് അറിയാൻ താല്പര്യമുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഒരുപാട് എക്സ്പെരിമെന്റ് നടത്തിയതിനുശേഷം കോവളം പഞ്ചായത്തിലെ നിരവധി കർഷകരുടെ വീടുകളിൽ പോയി പരിശോധിച്ച് അവരുടെ നിർദ്ദേശങ്ങളും കൂടി പരിഗണിച്ചുകൊണ്ടാണ് ഈ നാലഞ്ച് മാസംകൊണ്ട് ഈ മെഷീനിൽ ആകെ പരിഷ്ക്കാരം വരുത്തി

യത്. അതിൽ കൃഷിക്കാർക്കുള്ള അനുഭവം 6 ശതമാനം പാൽ കൂടുതൽ കിട്ടും എന്നാണ്. രണ്ടാമത്തെ കാര്യം, അവസാനത്തെ പാൽവരെ എടുക്കുന്നുണ്ട്. ഫാസ്റ്റ് കണ്ടന്റ് കൂടുതൽ കിട്ടും. ഇത് പശുക്കളുടെ രക്തം വരെ ഊറ്റിക്കൊണ്ട് പോകുമോ എന്ന് ആദ്യം കൃഷിക്കാർക്ക് ഭയം ഉണ്ടായിരുന്നു. അങ്ങനെയൊന്നുമില്ലെന്ന് കൃഷിക്കാർക്ക് ബോദ്ധ്യമായി. ഇതിന്റെ അടിസ്ഥാനത്തിലാണ് 7-ാം തീയതി മിൽക്കിംഗ് മെഷീൻ ലോഞ്ച് ചെയ്യുന്നത്. ഒരു മോട്ടോർ ബൈക്കും അതിന്റെ കൂടെ ഒരു മെഷീനും പാൽ സംഭരിക്കാനുള്ള ഒരു ക്യാനുംകൊണ്ട് ഒരു തൊഴിലാളി പോകുന്നു. കൈ ഉപയോഗിച്ച് പാൽ കറക്കുകയാണെങ്കിൽ രണ്ട്, മൂന്ന് പശുക്കളെ കറന്നുകഴിയുമ്പോൾ പിന്നെ അവർക്ക് അതിന് സാധിക്കുകയില്ല. ശരിക്കുള്ള മിൽക്കിംഗ് നടക്കുന്നില്ല. മിൽക്കിംഗ് മെഷീൻ ഉപയോഗിച്ച് ചെയ്യുകയാണെങ്കിൽ മിനിമം 6 ശതമാനം ഇൻക്രീസ് കിട്ടുന്ന പാലിന്റെ അളവിൽ ഉണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇത് തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിനുള്ള ഇൻവെസ്റ്റ്മെന്റിൽ കുറേ സബ്സിഡി എലിമെന്റ്കൂടി വേണ്ടിവരും. അതിനെക്കുറിച്ചാണ് ഡിസ്കസ് ചെയ്യുന്നത്. അത് കഴിഞ്ഞാൽ ഞങ്ങളുടെ അസസ്മെന്റ് അനുസരിച്ചാണെങ്കിൽ ഒരാൾക്ക് നെറ്റ് ഇൻകം 5,000 രൂപ ഉണ്ടാകണം. ഇപ്പോൾ ഞങ്ങൾ 10,000 രൂപാ ടാർജറ്റ് ചെയ്തിട്ടുണ്ട്. ഇതിൽകൂടുതൽ മെഷീൻസ് വേണ്ടിവരും.

<u>ശ്രീ. സി.പി. ബാലൻ വൈദ്യർ</u> : എന്റെ നിയോജകമണ്ഡലത്തിൽ കുന്നമംഗലത്ത് പെരിങ്കളത്ത് മിൽമയുടെ ഒരു യൂണിറ്റുണ്ട്. അവിടെ പാൽ കൊണ്ടുള്ള പ്രോഡക്ടുകൾ വേണ്ടത്ര ഉണ്ടാക്കാനുള്ള നടപടി ഇപ്പോഴും ആരംഭിച്ചുകഴിഞ്ഞിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. മറ്റ് പ്രോഡക്ടുകൾകൂടി ഉണ്ടാക്കിയാൽ ആ യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും, അതുമായി ബന്ധപ്പെട്ട് ക്ഷീരകർഷകർക്ക് കൂടുതൽ വരുമാനം ഉണ്ടാക്കിക്കൊടുക്കാനും കഴിയും. ആ യൂണിറ്റ് കൂടുതലായി അഭിവൃദ്ധിപ്പെടത്തക്കവിധത്തിലുള്ള പദ്ധതികളെപ്പറ്റി ഗവണ്മെന്റ് ആലോചിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. ഞങ്ങളുടെ അസസ്മെന്റ് അനുസരിച്ച് കേരളീയർ മിൽക്കിനെ ബേയ്സ് ചെയ്തുള്ള ചോക്കളേറ്റ്പോലുള്ള പ്രോഡക്ട്സ് കഴിക്കുന്നുണ്ട്. പിന്നെ പോഷകാഹാരമായ പാലടങ്ങിയിട്ടുള്ള കോംപ്ലാൻ, കീംപ്ലാൻ പോലുള്ള സാധനങ്ങൾ കഴിക്കുന്നുണ്ട്. ഇതെല്ലാം മിൽക്ക് പൗഡർ ചേർത്തതാണ് ..... (ബഹളം) ..... I am sorry. ഞാൻ പറഞ്ഞ പദത്തിൽ വല്ല തെറ്റുമുണ്ടെങ്കിൽ ക്ഷമിക്കണം. ഞാൻ ഉദ്ദേശിച്ചത് എന്താണെന്നുവച്ചാൽ മിൽക്ക് ബേയ്സ്ഡ് ആയിട്ടുള്ള ഒരുപാട് പ്രോഡക്ട്സ് ഉണ്ട്. അതിൽ കുറേ പ്രോഡക്ട്സ് പ്രൈമറി സൊസൈറ്റികൾക്ക് തന്നെ ഉണ്ടാക്കാം. കുറേ പ്രോഡക്ട്സ് പൗഡർ ഫാക്ടറിയുള്ള മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനേ ചെയ്യാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ ആയുർവേദ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ടുകൊണ്ട് പുതുതായി പ്രോഡക്ട്സ് ഉണ്ടാക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ രണ്ട് തരത്തിൽ പ്രൈമറി സൊസൈറ്റികൾക്ക് പ്രോഡക്ട്സ് ഉണ്ടാക്കി വിൽക്കാൻ കഴിയും. മിൽമയുടെ സംഭാരം തന്നെ ഇപ്പോൾ വലിയ ഡിമാന്റുള്ള ഒരു പ്രോഡക്ടാണ്.

<u>ശ്രീ. തമ്പാനൂർ രവി</u> : അങ്ങ് കഴിഞ്ഞ സമ്മേളനത്തിൽ തന്ന ഒരു ചോദ്യത്തിന്റെ ഉത്തരത്തിൽ പ്രതിദിനം നമുക്ക് വേണ്ട പാലിന്റെ അളവ് (ഉപഭോഗം) 34 ദശലക്ഷം ലിറ്ററാണെന്നും, കേരളത്തിൽ 25 ദശലക്ഷം ലിറ്ററേ

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പാദിപ്പിക്കുന്നുള്ളൂവെന്നും പറയുകയുണ്ടായി. അതിനർത്ഥം 9 ദശലക്ഷം ലിറ്റർ പാലിന്റെ കുറവ് കേരളത്തിൽ ഉണ്ടെന്നാണ്. അത് പരിഹരിക്കാൻ എന്തെങ്കിലും പുതിയ നടപടി സ്വീകരിക്കാൻ ഗവണ്മെന്റിന് ഉദ്ദേശമുണ്ടോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : അത് പരിഹരിക്കുന്നതിനായിട്ടുള്ള ശ്രമമാണ് നടക്കുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് കേരളത്തിന്റെ അനുഭവത്തിൽ പ്രോഡക്റ്റിവിറ്റി വർദ്ധിപ്പിക്കുകയെന്നുള്ളതാണ്. ഒന്നര ലിറ്റർ പാൽ കിട്ടുന്ന നാടൻ പശുക്കളെ മുഴുവൻ സങ്കരവർഗ്ഗമാക്കുക എന്നുള്ളതാണ് ആദ്യത്തെ നടപടി. തിരുവിതാംകൂർ-കൊച്ചി ഭാഗത്ത് ഏകദേശം 70 ശതമാനത്തോളം പശുക്കൾ സങ്കരയിനമാണ്. മലബാർ മേഖലയിൽ 35 ശതമാനമേയുള്ളൂ. അത് മാറ്റിയിട്ട് അവിടേയും 75 ശതമാനം ആക്കുന്നതിനായിട്ടാണ് 300 -ഓളം ഐ.സി.ഡി.പി. സെന്ററുകൾ നോർത്തേൺ മേഖലയിൽ ഇപ്പോൾ സ്ഥാപിച്ചിരിക്കുന്നത്. ഐ.സി.ഡി.പി. സെന്റേഴ്സ് സ്ഥാപിച്ചെങ്കിലും പി.എസ്. സി. യിൽ നിന്നും നിയമനം ആയിട്ടില്ല. അതുകൊണ്ട് ഐ.സി.ഡി.പി. സെന്ററിന്റെ ഓഫീസേ പല സ്ഥലത്തുമുള്ളൂ. ഏതായാലും അത് വേഗത്തിൽ പരിഹരിക്കുന്നതിന് ശ്രമിക്കുന്നുണ്ട്. ഞാൻ ഇപ്പോൾ ദീർഘമായിട്ട് പറയുന്നില്ലെങ്കിലും ഐ.സി.ഡി.പി. സെന്ററിലെ ഈ വിഷമം കുറയ്ക്കുന്നതിലേയ്ക്കായി ഇപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആളുകളെ നിയമിച്ച് ആറ് മാസം ട്രെയിനിംഗ് കൊടുക്കുന്നു. താൽക്കാലികമായി 600-ഓളം പേരെ നിയമിക്കാൻ ശ്രമിക്കുകയാണ്. അപ്പോൾ ഒന്ന് ക്വാളിറ്റി ആണ്. രണ്ടാമത്തെ കാര്യം കൃഷിക്കാർക്ക് ക്വാളിറ്റി ചൂസ് ചെയ്യത്തക്കവണ്ണം ഇപ്പോഴത്തെ സംവിധാനം മാറ്റിയിട്ട് വീടുകളിൽ ചെന്ന് കന്നുകാലികൾക്ക് ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ നടത്തുന്നതിനുള്ള സംവിധാനം ഈ വരുന്ന മാസത്തിൽതന്നെ ലോഞ്ച് ചെയ്യുന്നതിനാണ് ശ്രമിക്കുന്നത്. ഏത് വെറൈറ്റിയിലെ പശു വേണമെന്നുള്ളത് കർഷകർക്ക് ചൂസ് ചെയ്യാനുള്ള ഒരു സംവിധാനംകൂടി ഉണ്ടാകും. പശുക്കളുടെ എണ്ണം വർദ്ധിപ്പിച്ചല്ല, പ്രൊഡക്ടിവിറ്റി വർദ്ധിപ്പിച്ചാണ് ഈ ഗ്യാപ്പ് നികത്തുന്നതിന് ശ്രമിക്കുന്നത്.

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> : കണ്ണേറ്റുംകരയിൽ സർക്കാരിന്റെ കേരളാ ഫീഡ്സിൽ ആവശ്യത്തിന് കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നില്ലെന്ന വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്വകാര്യ കമ്പനികളുമായി മാനേജ്മെന്റ് ഒത്തുകളിക്കുന്നതുകൊണ്ടാണ് ഇവിടെ ഉൽപ്പാദനം നിറുത്തിവെച്ചിരിക്കുന്നത് എന്ന് പറയുന്നത് ശരിയാണോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : രണ്ടാമത് പറഞ്ഞത് ശരിയല്ല. അവിടത്തെ യഥാർത്ഥ പ്രശ്നം അങ്ങേയ്ക്കും അറിയാവുന്നതുപോലെ അവിടെ കണ്ടിന്യൂസ് ഇലക്ട്രിക് സപ്ലൈ ഇല്ല എന്നുള്ളതാണ്. പക്ഷേ അവിടെ ഏറ്റവും ലേറ്റസ്റ്റ് ടെക്നോളജിയാണ് ഉപയോഗിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ട് അവിടെത്തന്നെ സബ്സ്റ്റേഷൻ ഉണ്ടാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. സബ്സ്റ്റേഷൻ വന്നശേഷം കണ്ടിന്യൂവസ്സായിട്ട് ഇലക്ട്രിക് സപ്ലൈ ഉണ്ടാകുകയാണെങ്കിൽ പ്രൊഡക്ഷന്റെ ലെവൽ ഉയർത്താൻ സാധിക്കും. ഈ ഫാക്ടറിയിൽ ഒരിക്കൽ പ്രൊഡക്ഷൻ സ്റ്റോപ്പ് ചെയ്താൽ പിന്നെ റീ-സ്റ്റാർട്ട് ചെയ്യണമെങ്കിൽ കൂറേയധികം സമയം എടുക്കും.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : നമ്മുടെ സംസ്ഥാനത്ത് 13 ലക്ഷത്തിൽപ്പരം ക്ഷീരകർഷകർ ഉണ്ടെന്ന് അങ്ങ് ഇവിടെ പറഞ്ഞു. ചുരുങ്ങിയ മുതൽമുടക്കിൽ കൂടുതൽ ആളുകൾക്ക് ജോലി ലഭിക്കുന്ന ഒരു പദ്ധതിയാണിത്. പതിമൂന്നര

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷത്തോളം വരുന്ന കൃഷിക്കാർക്ക് ഇന്ന് കിട്ടുന്ന പാലിന്റെ വിലകൊണ്ട് ജീവിക്കാൻ കഴിയുന്നില്ല. ഇപ്പോൾ തന്നെ 25 ലക്ഷത്തോളം ലിറ്ററാണ് കിട്ടുന്നത് എന്ന് അങ്ങ് പറഞ്ഞു. പാലിന്റെ വില വർദ്ധിപ്പിക്കാതിരുന്നാൽ അവരിൽ പലരും ഈ കൃഷി നിറുത്തും. അതിന്റെ ഫലമായി കൂടുതൽ പാൽ ക്ഷാമം കേരളത്തിൽ ഉണ്ടാകും എന്നത് പരിഗണിച്ച് ഇതിന്റെ വില കൂട്ടിക്കൊടുക്കാനും അഥവാ കൂട്ടിക്കൊടുക്കാൻ കഴിയാതെവന്നാൽ ഇതിനുവേണ്ടി സബ്സിഡി ഏർപ്പെടുത്താനും ഗവണ്മെന്റ് തയ്യാറാകുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : സബ്സിഡിയുടെ കാര്യമൊന്നും ഇപ്പോൾ കമ്മിറ്റ് ചെയ്യാവുന്നതല്ല. ഇപ്പോൾ വാസ്തവത്തിൽ പല ത്രിതല പഞ്ചായത്തുകളും പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനായി സൊസൈറ്റികളിൽ നിന്ന് പാൽ എടുക്കുന്നുണ്ട്. പാലിന്റെ വില കൂട്ടുന്നത് ഗവണ്മെന്റല്ല. ഞാൻ അത് പലപ്പോഴും ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. സഹകരണസംഘങ്ങൾക്ക് വില കൂട്ടാനുള്ള അധികാരമുണ്ട്. പക്ഷേ അവരുടെ തന്നെ അഭിപ്രായത്തിൽ, ആദ്യം ചോദ്യകർത്താവ് ചോദിച്ചതുപോലെ തമിഴ്നാട്ടിൽ നിന്ന് പാൽ വരുന്ന ഈ സന്ദർഭത്തിൽ പിന്നേയും പാൽ വില കൂട്ടുന്നത് നല്ലതാണോയെന്ന് പരിശോധിച്ചിട്ടേ ചെയ്യാൻ കഴിയൂ. എങ്ങനെ സബ്സിഡി കൊടുക്കാൻ കഴിയുമെന്നുള്ളത് ഇപ്പോൾ തീരുമാനിക്കാൻ കഴിയുകയില്ല.

<u>ശ്രീമതി ആർ. ലതാദേവി</u> : ഇടുക്കി ജില്ലയിലെ മൂന്നാർ നാഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി കൊടുത്ത പാലിൽ എസ്.എൻ.എഫ്. ഫാറ്റ് കണ്ടന്റ് കുറവാണെന്ന് പറഞ്ഞ് ഒരു ലക്ഷം രൂപ വെട്ടിക്കുറയ്ക്കുകയുണ്ടായി. ഈ തുക നൽകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ നിർദ്ദേശം നൽകിയിട്ടും ഇതുവരെ കൊടുക്കാത്തതുകൊണ്ട് ഈ സഹകരണസംഘം പാൽശേഖരണം ഇപ്പോൾ നിറുത്തി വച്ചിരിക്കുകയാണ്. ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കുന്നതിന് ഗവണ്മെന്റ് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : ഓർഡറായിട്ടല്ല കൊടുക്കുന്നത്. ഞാൻ നിർദ്ദേശം കൊടുത്തു. സൊസൈറ്റികൾക്ക് കാശ് കിട്ടാതിരുന്നാൽ വിഷമമുണ്ടാകുമെന്നുള്ളതുകൊണ്ട് ഡയറി ഡയറക്ടർ അത് പരിശോധിച്ചിട്ട് അവരുടെ കേസ് ജനുവിൻ ആണെങ്കിൽ കൊടുക്കണമെന്ന് നിർദ്ദേശം കൊടുത്തു. എസ്.എൻ.എഫ്. ഫാറ്റ് എന്നൊക്കെ പറഞ്ഞിട്ട് കണ്ടമാനം വില കുറയ്ക്കാൻ പാടില്ല, പത്ത് രൂപയെങ്കിലും കൃഷിക്കാർക്ക് കിട്ടത്തക്കരീതിയിൽ പാൽ വില നിശ്ചയിക്കണമെന്ന് ഞങ്ങൾ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

<u>ശ്രീ. കെ.എ. ചന്ദ്രൻ</u> : അയൽ സംസ്ഥാനങ്ങളിൽനിന്നും വരുന്ന പാലിന്റെ അളവ് കൂടിയതുകൊണ്ട് ക്ഷീര കർഷകരുടേയും സംഘങ്ങളുടേയും നിലനിൽപ്പ് വലിയ അപകടത്തിലായിട്ടുണ്ട്. ഈ അവസ്ഥയിൽ ഗ്രാമ പഞ്ചായത്തുകൾ, അംഗനവാടി, ബാലവാടി എന്നിവയ്ക്ക് കുറേ പഞ്ചായത്തുകളെങ്കിലും പാൽ നൽകിവരുന്നുണ്ട്. പൊതുമേഖലാസ്ഥാപനങ്ങൾ, ദേവസ്വം എന്നിവിടങ്ങളിൽ പാൽ ആവശ്യമായി വരുന്നുണ്ട്. ഇതിൽ മിക്കതും അയൽ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന ഏജന്റുമാരിൽ നിന്നാണ് പാൽ വാങ്ങുന്നത്. പ്രാഥമിക സംഘങ്ങളിൽനിന്നോ, അല്ലെങ്കിൽ അപ്പക്സ് സംഘമായ മിൽമയിൽനിന്നോ ഗ്രാമ പഞ്ചായത്തുകളും പൊതുമേഖലാ സ്ഥാപനങ്ങളും ദേവസ്വങ്ങളും പാൽ വാങ്ങിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ കേരളത്തിലെ ക്ഷീര കർഷകർക്ക് വലിയ വിലയ്ക്കാണ് കാലിത്തീറ്റ കിട്ടുന്നത്. മാക്സിമം കാലിത്തീറ്റ പൊതുമേഖലയിൽ ഉണ്ടാക്കി സബ്സിഡി കൊടുത്ത് സംഘത്തിലെ കർഷകർക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇപ്പോൾ ത്രിതല പഞ്ചായത്തുകളിൽ പല പഞ്ചായത്തുകളും മിൽമയിൽനിന്ന് തന്നെ പാൽ വാങ്ങുന്നുണ്ട്. ഉദാഹരണത്തിന് തിരുവനന്തപുരം കോർപ്പറേഷൻ കുട്ടികൾക്കായി പാൽ കൊടുക്കുന്നുണ്ട്. അത് മുഴുവൻ വാങ്ങുന്നത് മിൽമയിൽ നിന്നാണ്. വേറേയും പല പഞ്ചായത്തുകൾ അങ്ങനെ ചെയ്യുന്നുണ്ട്. ഇതുകൂടാതെ ത്രിതല പഞ്ചായത്തുകളിൽ പല പഞ്ചായത്തുകളും കാലിത്തീറ്റയ്ക്ക് സബ്സിഡി കൊടുക്കുന്നുണ്ട്. പ്രത്യേകിച്ച സമ്മർ സീസണിൽ സബ്സിഡി കൊടുക്കുന്നുണ്ട്. ഇപ്പോൾ ഡയറിയുടെ ഫണ്ട്സിന്റെ സിംഹഭാഗവും ത്രിതല പഞ്ചായത്തുകളാണ് കൈകാര്യം ചെയ്യുന്നത്. അതുകൊണ്ട് അവർ ഇപ്പോൾ കുറേ ചെയ്യുന്നുണ്ട്. ദേവസ്വമൊക്കെ എന്താണ് ചെയ്യുന്നതെന്ന് അറിഞ്ഞുകൂടാ. ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം പരിഗണനാർഹമാണ്.

ശ്രീ. ജി. സുധാകരൻ : ക്ഷീര കർഷകരുടെ ഉന്നമനത്തിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള പുന്നപ്ര മിൽമ ഡയറിയുടെ മാക്സിമം യൂട്ടിലൈസേഷനായിട്ടുണ്ടോ; അതുസംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇപ്പോൾ പല ഫാക്ടറികളിലും ശരിക്കും പ്രോഡക്ട് ഉണ്ടാക്കുന്നുണ്ട്. കഴിഞ്ഞ വർഷത്തേക്കാൾ പാലിന്റെ പ്രൊഡക്ഷൻ വർദ്ധിച്ചതുകൊണ്ട് ഇപ്പോൾ കുറച്ചുനാളായി മാക്സിമം യൂട്ടിലൈസേഷനുണ്ട്.

ശ്രീ. വി. ബാലറാം : നമ്മുടെ സംസ്ഥാനത്ത് സങ്കരയിനം ജഴ്സി പശുക്കളാണ് ധാരാളമുള്ളത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് മലബാർ പ്രദേശത്ത് വളരെ കുറവാണെന്നാണ്. കൂടുതൽ പാലുല്പാദിപ്പിക്കുന്ന, അതേയവസരത്തിൽ കേരളത്തിന്റെ പ്രകൃതിക്കനുസരിച്ച് പ്രതിരോധ ശക്തിയുള്ള കൂടുതൽ സങ്കരയിനം പശുക്കളെ നമ്മുടെ സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനും കൂടുതൽ ആളുകൾക്ക് സങ്കരയിനം പശുക്കളെ വിതരണം ചെയ്യാനുമുള്ള നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അതിനുവേണ്ടിയാണ് മലബാർ മേഖലയിൽത്തന്നെ ഐ.സി.ഡി.പി. സംഘങ്ങളുടെ എണ്ണം വളരെ കൂട്ടിയിരിക്കുന്നത്. ഐ.സി.ഡി.പി. സംഘത്തിൽ നിന്നും കൃഷിക്കാർക്ക് ഇഷ്ടമുള്ള ഇനം ചൂസ് ചെയ്യത്തക്കവണ്ണമുള്ള സംവിധാനമുണ്ട്. പല തരമുണ്ട്. ജഴ്സിയുണ്ട്, ഹോൾസ്റ്റീനുണ്ട്. ഇതിൽ ഏത് വേണമെന്നുള്ളത് സംബന്ധിച്ച് കൃഷിക്കാർക്ക് ചോയിസ് കൊടുത്തുകൊണ്ട് വിതരണം ചെയ്യുന്നതിനാണ് നയം രൂപീകരിച്ച് നടപ്പിലാക്കാൻ ശ്രമിക്കുന്നത്.

ശ്രീ. ജോസ് ബേബി : മലബാർ മേഖലയിലെ കൃഷിക്കാർ മുഖ്യമായും പാൽ വിറ്റ് ജീവിക്കുന്നവരാണ്. എന്നാൽ ഈ മേഖലയിൽ അടുത്തകാലത്ത് ഒരു ലിറ്റർ പാലിന് 50 പൈസ വീതം കുറച്ചിട്ടാണ് ക്ഷീര കർഷകർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് നേരത്തേ കൊടുത്തിരുന്ന വിലയ്ക്കുതന്നെ പാൽ അളന്ന് എടുക്കാനാവശ്യമായ നിർദ്ദേശം കൊടുക്കുമോ; അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : മലബാർ മേഖലാ യൂണിയൻ തന്നെ ഫ്ളഡ് സീസണിൽ 50 പൈസ കുറയ്ക്കുമ്പോൾ സമ്മർ സീസണിൽ രണ്ടു രൂപ കൂട്ടി കൊടുക്കുന്നു. കമ്പോള വിലയേക്കാൾ രണ്ടു രൂപ കൂട്ടിയാണ് കൂടുതൽ സമയവും എടുക്കുന്നത്. പക്ഷേ ഫ്ളഡ് സീസണിൽ അവർ 50 പൈസ

കുറച്ചു. അവർ എന്നോടുപറഞ്ഞത് ഒരു മാസത്തേക്കേയുള്ളൂ, അതു കഴിഞ്ഞാലുടൻ കൂട്ടിയെടുത്തുകൊള്ളാമെന്നാണ്.

ഏഴിമല നേവൽ അക്കാഡമിയുടെ നിർമ്മാണം

2 (*148)ശ്രീ. ടി.കെ. ബാലൻ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. ടി.കെ. നൗഷാദ് :

ശ്രീ. സി.പി. ബാലൻ വൈദ്യർ :

ശ്രീ. പിരപ്പൻകോട് മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴിമല നേവൽ അക്കാഡമിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലിരിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) എന്നാണ് ഇതിന്റെ നിർമ്മാണം ആരംഭിച്ചത്;

(സി) നേവൽ അക്കാഡമിയുടെ നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തുകൊടുക്കേണ്ടതെന്ന് വിശദമാക്കുമോ;

(ഡി) ഇതിൽ ഏതെല്ലാം കാര്യങ്ങൾ ഇതിനകം സംസ്ഥാന സർക്കാർ ചെയ്തുകൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിനായി സംസ്ഥാന സർക്കാർ മൊത്തം എന്ത് തുക ചെലവഴിച്ചു;

(എഫ്)നേവൽ അക്കാഡമിയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഏഴിമല നേവൽ അക്കാഡമിയുടെ നിർമ്മാണം കേന്ദ്രപ്രതിരോധ മന്ത്രാലയമാണ് നടത്തുന്നത്. പ്രാഥമിക ഘട്ടം പണികളാണ് ഇപ്പോൾ നടന്നുവരുന്നത്. സംസ്ഥാന സർക്കാർ ചെയ്തുകൊടുക്കേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ പണി മിക്കവാറും പൂർത്തിയായിട്ടുണ്ട്.

(ബി) ആയിരത്തി തൊള്ളായിരത്തി എൺപത്തി നാലിൽ (1984) ഇതിന്റെ നിർമ്മാണം ആരംഭിച്ചു.

(സി) നേവൽ അക്കാഡമിയുടെ നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ ഭൂമി, ജലവിതരണം, വൈദ്യുതി വിതരണം, റോഡുകൾ, പാലങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളാണ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് ചെയ്തുകൊടുക്കുന്നത്.

(ഡി) നേവൽ അക്കാഡമിക്കാവശ്യമായ 2359 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ ഇതിനകം ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. അക്കാഡമിയുടെ ആവശ്യത്തിനുള്ള 500 കിലോ വാട്ട് ശേഷി നൽകത്തക്കവിധം ഉദ്ദേശം 10 കി. മീറ്റർ 11 കെ.വി. ലൈനിന്റേയും അനുബന്ധ ട്രാൻസ്ഫോർമറുകളുടേയും നിർമ്മാണം പൂർത്തിയാക്കി.

താഴെപ്പറയുന്ന റോഡുകളുടെ പണിയും പാലക്കോട് പാലത്തിന്റെ പണിയും പൂർത്തിയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly